Chief Minister (SHRI PANAMPILLI GOVINDA MENON):

(a) Yes, this Government have permitted the Government of Madras to utilise the Periyar Waters for generating electric energy. The formal agreement in this behalf, is pending scrutiny by the Law Officers of this Government.

(b) The Madras Government have to pay this Government royalty at the rate of Rs. 12 per K. W. year (8760 units) for generation upto 350 million units and at Rs. 18 per K. W. year for energy generated in excess of that quantity.

സഹകരണസംഘം.

* 1138 [68] ശ്രീ. കെ. എ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പുതുതായി എത്ര സഹകരണ സംഘങ്ങൾ സ്ഥാപിക്കുവാൻ അനുവാദം കൊടുത്തു; ഏതെല്ലാം സ്ഥലങ്ങളിൽ; എത്ര അപേക്ഷകൾ ഉണ്ടായിരുന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കൊച്ചുകുട്ടൻ):

(എ) ഇക്കൊല്ലം പുതുതായി 447 സഹകരണസംഘങ്ങൾ സ്ഥാപിക്കുവാൻ അനുവാദം കൊടുത്തു. ഏതെല്ലാം സ്ഥലത്തു് എന്നതിനെപ്പറ്റി വിശദമായ വിവരങ്ങൾ ശേഖരിക്കുകയാണു്. 615 അപേക്ഷകൾ ഉണ്ടായിരുന്നു.

കയർ സഹകരണസംഘങ്ങൾ.

* 1139. [69] ശ്രീ. കെ. എ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ മന്ത്രി സദയം മറുപടി നൽകുമോ:

ആദ്യം അനുവദിച്ചിട്ടുള്ള അപേക്ഷകൾ അനുസരിച്ചു് പറവൂർ താലൂക്കിൽ എത്ര കയർ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്; ഏതു പരിഗണനയിൽ മുൻഗണനയാണു് ഈ സഹകരണസംഘങ്ങൾ സ്ഥാപിച്ചിട്ടുള്ളതു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

കയർ സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതു് അപേക്ഷകളുടെ അടിസ്ഥാനത്തിലോ അവയുടെ മുൻഗണനയിലോ അല്ല. സംഘങ്ങൾ രൂപീകരിക്കേണ്ട ആവശ്യം ബോദ്ധ്യപ്പെടുന്നതിനു് അതു സംബന്ധമായി കിട്ടുന്ന അപേക്ഷകൾ സഹായകരമായിരിക്കുമെന്നുള്ളതിൽ കവിഞ്ഞു് ആ വക അപേക്ഷകളുടെ അടിസ്ഥാനത്തിൽ മാത്രം സംഘങ്ങൾ അനുവദിക്കുന്ന നയം ഇല്ല. ഡിപ്പാർട്ടുമെന്റു് അന്വേഷണത്തിൽ സഹകരണസംഘങ്ങൾ ആവശ്യമെന്നു കാണുന്ന സ്ഥലങ്ങളിൽ പദ്ധതിക്കു വിധേയമായി സഹകരണസംഘങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ കയർ ഡവലപ്മെന്റു് ഇൻസ്പെക്ടർ സ്വീകരിക്കുന്നതും ആവശ്യമായ അപേക്ഷകൾ രജിസ്റ്റർചെയ്തിട്ടു് തന്റെ റിപ്പോർട്ടോടുകൂടെ അയക്കുവാനുള്ള പതിവു്.

LIBRARY ARCHIVES Kerala Legislative Assembly